(ബി)

(1) പൊതുവായ സാമ്പത്തികമാന്ദ്യം റബറിന്റെ വിലയിടിവ്, കെട്ടിടനിർമ്മാണത്തിലും, വ്യാപാര വ്യവസായ രംഗത്തുമുള്ള മാന്ദ്യം.

(2) കോടതികളുടെയും മറ്റും സ്റ്റേ നടപടികൾ മൂലം നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിന് തടസ്സം നേരിടുന്നു.

(സി) വില്പന നികുതിയിനത്തിൽ 4144.10 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 29.65 കോടി രൂപയുമാണ് പിരിച്ചെടുക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

20 (983) ഗവൺമെന്റിന്റെ നോൺ ടാക്സ് റവന്യൂ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. സുധാകരൻ :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് മുതൽ ഓരോ വർഷവും നോൺ ടാക്സ് റവന്യൂ ഇനത്തിൽ എന്തു തുക വീതം പിരിച്ചെടുക്കാമെന്നാണ് പ്രതീക്ഷിച്ചിരുന്നത്;

(ബി) അതിൽ ഓരോ വർഷവും എന്തുതുക വീതം പിരിച്ചെടുത്തു എന്ന് അറിയിക്കുമോ;

(സി) ഈയിനത്തിൽ പിരിച്ചെടുക്കാനുദ്ദേശിച്ച തുകയിൽ കുറവ് വന്നിട്ടുള്ള പക്ഷം അതിനുള്ള കാരണങ്ങൾ എന്തെന്ന് പറയുമോ;

ഉത്തരം

(എ)	വർഷം	പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ച തുക (കോടിയിൽ)
	1996-97	489.60
	1997-98	546.35
	1998-99	613.76
	1999-2000	771.14
(ബി)	വർഷം	പിരിച്ചെടുത്ത തുക (കോടിയിൽ)
	1996-97	513.80
	1997-98	552.11
	1998-99	കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭിച്ചിട്ടില്ല

(സി) കുറവ് വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly